# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4345 — 17.12.2014 ൽ മറുപടിക്ക്

## കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.കെ. ലതിക | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ഡയാലിസിസ് സെന്ററിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ; | (എ) | 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് കെ.കെ.ഡി/സി.എ/580/2014 നമ്പർ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒന്നാണ് കുറ്റ്യാടി സ്നേഹ സ്പർശം ഡയാലിസിസ് സെന്റർ - കുറ്റ്യാടി താലൂക്കാശുപത്രി സൂപ്രണ്ട് കൺവീനർ, ശ്രീ.ഇ.കെ. വിജയൻ എം.എൽ.എ ചെയർമാൻ എന്നിവർ മുഖ്യ ഭാരവാഹികളായും ശ്രീമതി.കെ.കെ. ലതിക എം.എൽ.എ സെക്രട്ടറിയായും കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.നഫീസ ട്രഷറർ ആയും 25/08/2014 ന് പ്രവർത്തനം തുടങ്ങി. നിലവിൽ 11 രോഗികൾക്ക് ഡയാലിസിസ് ചെയ്തുവരുന്നു. |
| (ബി) പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ആഴ്ചയിൽ സബ് കമ്മിറ്റിയും മാസത്തിൽ ഒരു ഭരണ സമിതിയും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. അടുത്തതന്നെ 11 രോഗികൾക്കു കൂടി ഡയാലിസിസ് ചെയ്യുന്നതിനുള്ള രണ്ടാമത്തെ ഷിഫ്റ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന് പുറത്ത് രോഗികളുടെ കൂട്ടിരിപ്പുകാർക്കും മറ്റുമായി ലാഡിൻ, സ്ഥാപനത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഡയാലിസിസ് സെന്ററിന് കെട്ടിടം പണിയുന്നതിന് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചുവെന്നും ആയത് ഉപയോഗപ്പെടുത്തുന്നതിന് ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | കെട്ടിടത്തിന് അനുമതി നല്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നോ/ചീഫ് എൻജിനീയർ പി.ഡബ്ല്യു.ഡി (കെട്ടിടവിഭാഗം)യിൽ നിന്നോ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നല്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ